# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5664 29/07/2015-ൽ മറുപടിയ്ക്ക്**

**ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. സി. വിഷ്ണുനാഥ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഈ സർക്കാരധികാരമേറ്റ ശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ തുറമുഖ/മത്സ്യബന്ധന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) <u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയത്</u> 2011-12 സാമ്പത്തിക വർഷത്തിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 103.74 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് കെ.എസ്.സി.എ.ഡി.സി. മുഖേന സ്ഥാപിക്കുന്നതിനായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ നാളിതുവരെ അനുയോജ്യമായ സ്ഥലം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭ്യമാകാത്തതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് വർക്ക് ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല.<br><br>ഇതുകൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 20-ൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ ചെറുകോൽ ഗവണ്മെന്റ് മോഡൽ യു.പി. സ്കൂളിന് 103.69 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസനവും, പ്രായിക്കരയിൽ 21.70 ലക്ഷം രൂപയുടെ ഒരു നെറ്റ് മെന്റിംഗ് യാർഡും കെ.എസ്.സി.എ.ഡി.സി. മുഖേന നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .<br><br><u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയത് :</u><br><br>തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെട്ട 3 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) തോപ്പിൽചന്ത എണ്ണക്കാട് കോളനി റോഡ് ബുധനൂർ പഞ്ചായത്ത്<br>2) കോയിപ്പുറത്ത് പടി പെരുമ്പുഴക്കടവ് റോഡ് ചെന്നിത്തല പഞ്ചായത്ത്<br>3) മുപ്പള്ളി ജംഗ്ഷൻ പറക്കടവ് റോഡ് തൃപ്പെരുന്തുറ പഞ്ചായത്ത് |

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) അനുബന്ധമായി ചേർക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലത്തെ സ്ഥിതി എന്ത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയത്.

| ക്രമ നമ്പർ | പ്രവൃത്തി | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, ചെങ്ങന്നൂർ | മാർക്കറ്റിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 2 | ചെറുകോൽ ഗവണ്മെന്റ് യു.പി സ്കൂൾ കെട്ടിട നിർമ്മാണം | പഞ്ചായത്തിൽ നിന്നും നിർമ്മാണ അനുമതിയും ഭാവി നടത്തിപ്പും പരിപാലനവും ചെയ്യുമെന്ന തീരുമാനവും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്. |
| 3 | പ്രായിക്കര നെറ്റ് മെന്റിംഗ് യാർഡ് | പഞ്ചായത്തിൽ നിന്നും നിർമ്മാണ അനുമതിയും ഭാവി നടത്തിപ്പും പരിപാലനവും ചെയ്യുമെന്ന തീരുമാനവും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്. |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയത്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | തോപ്പിൽചന്ത എണ്ണക്കാട് കോളനി റോഡ് ബുധനൂർ പഞ്ചായത്ത് | 49.00 | പ്രവൃത്തി ക്ക് മദ്ധ്യ മേഖല സൂപ്രണ്ടിംഗ് എൻജിനീയർ, എറണാകുളത്തിന്റെ കാര്യാലയത്തിൽ നിന്നും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 2 | കോയിപ്പുറത്ത് പടി പെരുമ്പുഴക്കടവ് റോഡ് ചെന്നിത്തല പഞ്ചായത്ത് | 47.00 | പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 3 | മുണ്ടപ്പള്ളി ജംഗ്ഷൻ പറക്കടവ് റോഡ് തൃപ്പെരുന്തുറ പഞ്ചായത്ത് | 35.00 | ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

(ഡി) ഇനിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കുമോ;

(ഡി) **കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയത്.**

നിലവിൽ തീരദേശ വികസന കോർപ്പറേഷൻ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പുതിയ പദ്ധതികൾ ഒന്നും ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ**

എണ്ണയ്ക്കാട് ഫിഷ്ലാന്റിംഗ് സെന്ററിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി 131 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. ടി വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ മത്സ്യഫെഡിനോടും ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും ആവശ്യപ്പെടുകയും ചെയ്തിരുന്നു. എണ്ണയ്ക്കാടിൽ പ്രതിമാസം 2 ലക്ഷം മുതൽ 2.5 ലക്ഷം രൂപയുടെ മത്സ്യലേലം മാത്രമേ നടന്നുള്ളൂവെന്നും ടി സാഹചര്യത്തിൽ ഒരു ഫിഷ്ലാൻഡിംഗ് സെന്റർ സ്ഥാപിയ്ക്കുന്നത് പ്രായോഗികമല്ല എന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. കൂടാതെ ടി വിഷയത്തിൽ ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഇ) നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതൊക്കെ കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കുമോ?

(ഇ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികോളനികൾ മത്സ്യത്തൊഴിലാളി കോളനി പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഈ മണ്ഡലത്തിൽ 8 വീടുകൾക്കായി 16 ലക്ഷം രൂപയും, 9 വീട് നവീകരണത്തിന് 4.5 ലക്ഷം രൂപയും, 3 ടോയ്ലറ്റ് നിർമ്മാണത്തിനായി 52,500/- രൂപയും നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

ലഭ്യമാണ്